(ബി) ശബരി സൂപ്പർ മാർക്കറ്റുകളിലും മെഡിക്കൽ ഷോപ്പുകളിലും ജീവനക്കാരെ നിയമിക്കുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണോ, അതോ നേരിട്ടാണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിനകം എത്രപേരെ നിയമിച്ചു എന്നും ഇവർക്ക് എത്ര രൂപയാണ് ശമ്പളം നൽകുന്നത് എന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) 46 മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ പുതുതായി ആരംഭിച്ചവ (1-4-2005 മുതൽ) താഴെ പറയുന്നവയാണ്:

1. മാന്നാർ (1-4-2005)
2. കോന്നി (1-5-2005)
3. കല്ലമ്പലം (26-7-2005)

(ബി) ശബരി സൂപ്പർ മാർക്കറ്റുകളിൽ സിവിൽ സപ്ലൈസ് വകുപ്പിൽനിന്നും ഡെപ്യൂട്ടേഷനിൽ വരുന്നവരും കോർപ്പറേഷനിലെ സ്ഥിരം ജീവനക്കാരുമാണ് ജോലി ചെയ്തുവരുന്നത്. എന്നിരുന്നാലും 4 സെയിൽസ്മാൻ തസ്തികയിൽ എംപ്ലോയ്മെന്റിൽനിന്നും പ്രതിമാസം 2610 രൂപ ശമ്പളത്തിൽ നിയമനം നടത്തിയിട്ടുണ്ട്.

മെഡിക്കൽ ഷോപ്പുകളിൽ ഓഫീസർ-ഇൻ-ചാർജ്ജുമാരായി ഗവൺമെന്റിൽ നിന്നും ഡെപ്യൂട്ടേഷനിൽ വരുന്നവരും കോർപ്പറേഷനിലെ സ്ഥിരം ജീവനക്കാരുമാണ് ജോലി ചെയ്തുവരുന്നത്. ഫാർമസിസ്റ്റുമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും കരാർ അടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്. ഇതിൽ 11 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും 74 പേർ കരാർ അടിസ്ഥാനത്തിലുള്ളവരുമാണ്. ഫാർമസിസ്റ്റുമാരുടെ ശമ്പളം 4000 രൂപയാണ്.

വടക്കാഞ്ചേരിയിലെ മാവേലി മെഡിക്കൽ സ്റ്റോർ മാറ്റി സ്ഥാപിക്കാൻ നടപടി

26 [3448] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിലെ മാവേലി മെഡിക്കൽ സ്റ്റോർ താലൂക്ക് ആശുപത്രി കോമ്പൗണ്ടിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനാവശ്യമായ കെട്ടിടം പണിതുനൽകാമെന്ന് വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷനെ അറിയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ കെട്ടിടത്തിലേക്ക് മാവേലി മെഡിക്കൽ സ്റ്റോർ മാറ്റുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അറിയിച്ചിട്ടില്ല.

(സി) ബാധകമല്ല.

പറമ്പിൽ ബസാറിൽ ലാഭംമാർക്കറ്റ് ആരംഭിക്കാൻ നടപടി

27 [3449] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കുന്ദമംഗലം മണ്ഡലത്തിലെ കുരുവട്ടൂരിലെ പറമ്പിൽ ബസാറിൽ ലാഭംമാർക്കറ്റ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനനുകൂലമായി എടുത്ത നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) പറമ്പിൽ ബസാറിൽ ലാഭംമാർക്കറ്റ് എന്ന് യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോർപ്പറേഷന്റെ നിബന്ധനകൾക്ക് വിധേയമായി കെട്ടിടലഭ്യതയെ കുറിച്ച് അന്വേഷിച്ചുവരികയാണ്.

(സി) കോർപ്പറേഷന്റെ നിബന്ധനകൾക്കു വിധേയമായി കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് ഇവിടെ ലാഭംമാർക്കറ്റ് യാഥാർത്ഥ്യമാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly